**കേരളാ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമ ഉത്തരവ്**

**ഹാജർ: പ്രസീന. എൻ**

വിഷയം: ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - ജീവനക്കാര്യം - ശ്രീ. സന്തോഷ്. പി.കെ, ക്ലർക്ക്-ടൈപ്പിസ്റ്റിന് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

**ഉത്തരവ് നമ്പർ ഇ 1-8993/2022/ഫാ&ബോ തീയതി : 28/11/2022**

പരാമർശം:1). ഈ ഓഫീസിലെ 26.07.2022 ലെ ഇ 1-208/2021/ഫാ&ബോ നമ്പർ ഉത്തരവ്

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No. 1436/2021 നമ്പർ ഉത്തരവ്

3). ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 901/2022 നമ്പർ ഉത്തരവ്

4). ഈ ഓഫീസിലെ 20.10.2022 -ലെ ഹിയറിംഗ്

5). 22.11.2022 ലെ പാലക്കാട് ഗ്രേഡ്-1 ഇൻസ്പെക്ടറുടെ ബി 1244/2022 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കോഴിക്കോട് നോർത്ത് അഡീഷണൽ ഇൻസ്പെക്ടർ ഓഫീസിലെ ക്ലർക്ക്-ടൈപ്പിസ്റ്റ് ആയ ശ്രീ. സന്തോഷ്. പി.കെ-ക്ക് മലപ്പുറം ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഓഫീസിലേക്ക് സ്ഥലംമാറ്റം നൽകി. ടി ഉത്തരവിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും തുടർന്ന് 02.08.2021 ലെ പരാമർശം (2) കോടതി ഉത്തരവ് പ്രകാരം ടി കേസ് തള്ളികളഞ്ഞിരുന്നു. തുടർന്ന് 2022 ലെ കരട് സ്ഥലംമാറ്റത്തിൽ ഉൾപ്പെട്ട ടിയാന്റെ പേര് സ്ഥലംമാറ്റ ഉത്തരവിൽ ഇല്ലാത്തിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും പരാമർശം (3)-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഹിയറിംഗ് നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായതിനെ തുടർന്ന് പരാമർശം (4) പ്രകാരം ഹിയറിംഗ് നടത്തുകയുണ്ടായി. ഹിയറിംഗിൽ ബോധ്യപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. സന്തോഷിന്റെ വീട്ടിൽ പ്രായമായ അച്ഛനും അമ്മയും ഭാര്യയും 2 കുട്ടികളും മാത്രമാണുള്ളത്. ടിയാന്റെ വീട് പണി നടക്കുന്നതിനാലും അച്ഛന് കരൾ സംബന്ധമായ രോഗത്താൽ ചികിത്സയിലായതിനാലും ടിയാന് വീട്ടിൽ നിന്നും വളരെ ദൂരെയല്ലാത്ത ഓഫീസിലേക്ക് മാറ്റം നൽകണമെന്ന അപേക്ഷ പരിശോധിച്ചതിൽ നിലവിൽ ജോലി ചെയ്യുന്ന ഓഫീസിൽ നിന്നും പോയി വരുന്നതിന് ഏകദേശം ഒരു ദിവസം 200km ദൂരം യാത്ര ചെയ്യേണ്ടതുള്ളതായി കാണുന്നു. പരാമർശം (5) പ്രകാരം പാലക്കാട് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ്-1 ഇൻസ്പെക്ടർ ഓഫീസിലെ ക്ലർക്ക് ടൈപ്പിസ്റ്റ് ആയ ശ്രീമതി. പ്രിൻസി. പി.എസ് വകുപ്പിൽ നിന്നും വിട്ടുതൽ ചെയ്യിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

മേൽ വിവരങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | സ്ഥലംമാറ്റം നൽകുന്ന ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥലംമാറ്റം നൽകുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീ. ലക്ഷ്മണൻ. കെ സീനിയർ ക്ലർക്ക് | ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, പാലക്കാട് |
| 2 | ശ്രീ. സന്തോഷ്. പി.കെ ക്ലർക്ക്-ടൈപ്പിസ്റ്റ് | ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, മലപ്പുറം | ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് |

മേൽ ഉത്തരവ് പ്രകാരം പരാമർശം (3) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കിയിട്ടുള്ളതാണ്.

അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1 ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കോഴിക്കോട്/എറണാകുളം

2 ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, ഗ്രേഡ്-1, മലപ്പുറം/പാലക്കാട്

3 എ.ഒ./എഫ്.ഒ/ജെ.എസ്. (അക്കൗണ്ട്സ്)/എ 1 സെക്ഷൻ/ഇ 2 സെക്ഷൻ/സ്പാർക്ക്/ സി.എ. ടു ഡിഎഫ്&ബി/കരുതൽ ഫയൽ